ശ്രീ. ബി. മാധവൻനായർ: നമ്മടെ സംസ്ഥാനത്തുള്ള ഭാഷാന്യൂന പക്ഷങ്ങളുടെ സംരക്ഷണത്തെ പ്രതിപാദിച്ചുകൊണ്ടുള്ള റിപ്പോർട്ടു ഇംഗ്ലീഷുഭാഷയിലാണു പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇവിടെയുള്ള ഭാഷാ ന്യൂനപക്ഷങ്ങൾക്കു അവരവരുടേതായ ഭാഷയിൽ അവ അച്ചടിച്ചു വിതരണംചെയ്യുന്നതിന്—പ്രത്യേകിച്ചും തമിഴിലും കർണ്ണാടകത്തിലും— നടപടിസ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: തീർച്ചയായിട്ടും ചെയ്യാം. അച്ചടിച്ചു കൊടുത്തിട്ടുണ്ടെന്നാണു തോന്നുന്നത്. ഇല്ലെങ്കിൽ ഉടൻ ചെയ്യാം.

ശ്രീ. എൻ. കണപതി: *സർ, கடந்த பட்ஜெட் கூட்டத்தொடரில் திரு. குஞ்சு அவர்கள் நிதிமந்திரியாய் இருந்தபோது பட்ஜெட் பிரசங்கம் தமிழில் அச்சடித்து கொடுக்கப்பட்டது. தற்போது நிதிமந்திரியாய் இருக்கும் திரு. சேஜன் அவர் களுக்கு தமிழ் தெரிந்திருந்தும்கூட பட்ஜெட் பிரசங்கம் தமிழில் இதுவரையும் கிடைக்கவில்லை. உடனடி கிடைக்க தக்க ஏற்பாடு செய்யப்படுமா?*

ശ്രീ. എൻ. കെ. ശേഷൻ: സർ, ബഡ്ജറ്റു പ്രസംഗത്തിന്റെ തമിഴിലുള്ള വിവർത്തനം ബഹുമാനപ്പെട്ട മെംബർക്കു ഉടൻതന്നെ ലഭിക്കു ന്നതാണ്.

ശ്രീ. പി. കുഞ്ഞൻ: സർ, ഈ സംസ്ഥാനത്തു തമിഴ് മാത്രമല്ല മറ്റു പല ഭാഷകളും സംസാരിക്കുന്നവരുമുണ്ട്. ഓരോരോ ഭാഷ സംസാ രിക്കുന്നവർക്കും അവരുടെ ഭാഷയിൽ അച്ചടിച്ചുവിതരണം ചെയ്യണമെന്നാണോ ഉദ്ദേശിക്കുന്നത്, ഭാഷാന്യൂനപക്ഷങ്ങളെ കേരളത്തിൽനിന്നു തുടച്ചു മാറ്റണമെന്നാണോ ഉദ്ദേശിക്കുന്നത ?

ശ്രീ. സി. അച്യുതമേനോൻ: പ്രധാനമായി തമിഴും കർണ്ണാടകവും ന്യൂനപക്ഷഭാഷകളായി അംഗീകരിച്ചിട്ടുണ്ട്. അതു സംസാരിക്കുന്നവർക്കും ഏറ്റവും കൂടുതൽ സൗകര്യങ്ങൾ കൊടുക്കണമെന്ന് ഗവൺമെൻറ് അംഗീകരി ക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമി പതിവ്

* 136. (433) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള:
,, ജെ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഭൂമി ഇല്ലാത്ത ജനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ബി) ഹരിജനങ്ങളും മൽസ്യബന്ധനക്കാരും പൊതുവെ ഭൂമി ഇല്ലാത്ത ജനവിഭാഗമാണെന്നു ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിനും എത്ര ഏക്കർ ഭൂമിവീതം പതിച്ചു കൊടുത്തിട്ടുണ്ട്;

(ഡി) ഹരിജനങ്ങൾക്കും മൽസ്യബന്ധനക്കാർക്കും പതിച്ചുകൊടു ക്കുന്നതിന് എത്ര ശതമാനം ഭൂമി പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) ഭൂവിതരണവും സ്ഥിരം പട്ടയം നൽകലും ത്വരിതപ്പെടു ത്തുന്നതിന് റവന്യൂഅധികാരികൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂപതിവുചട്ടങ്ങളിലെ നിബന്ധനകളും ലഘൂകരിക്കുന്നതിനും പ്രായോഗിക വിഷമതകളും ദൂരീകരിക്കുന്നതിനും അപ്പപ്പോൾ വേണ്ട നടപടികളും എടുത്തു വരുന്നുണ്ട്. ഭൂമി പതിച്ചു പട്ടയംനൽകുന്നതിനു വേണ്ട ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വനഭൂമി വിതരണത്തിനു പ്രത്യേക ചട്ടങ്ങളും ഈ അടുത്ത കാലത്തു രൂപീകരിച്ചു നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഓരോ വില്ലേജിലുമുള്ള പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ 25 ശതമാനം പട്ടികജാതി പട്ടികവർഗ്ഗത്തിനു നീക്കിവയ്ക്കുന്നതിനു കേരള ഭൂപതിവുചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. വനഭൂമി വിതരണത്തിനുള്ള ചട്ടങ്ങളിൽ ഓരോ ജില്ലയിലും ഉള്ള പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ മൂന്നിലൊന്നു ഭാഗമെങ്കിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു നീക്കിവയ്ക്കാൻ പ്രത്യേകം വ്യവസ്ഥയുണ്ട്. മൽസ്യബന്ധനക്കാർക്ക് പ്രത്യേകമായി ഭൂമിനീക്കിവയ്ക്കാൻ പ്രത്യേകമായി വ്യവസ്ഥയില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നിന്നു മൂന്നു ലക്ഷത്തോളം ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നു നിപ്പോർട്ടു കിട്ടുകയുണ്ടായി. അതനുസരിച്ചു ഭൂമി വിതരണം ചെയ്യുന്നതിനു ഗവൺമെൻറു ക്രിയാത്മകമായി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ? ഹരിജനങ്ങൾക്ക് എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ട്?

ശ്രീ. കെ. ടി. ജേക്കബ്: അതു വിതരണം ചെയ്യുന്നതിനു ഒരു പദ്ധതി രൂപീകരിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ് ഞാൻ പറഞ്ഞത്. അങ്ങനെ രൂപീകരിച്ച പരിപാടികളനുസരിച്ച് ഇപ്പോഴത്തെ ഹരിജനങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഓരോ കുടുംബത്തിനും ഒരേക്കർ ഭൂമിവീതം രണ്ടായിരം കുടുംബങ്ങൾക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. അത് ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്. വരുന്ന ഏപ്രിൽ മാസത്തോടുകൂടി 5000 ഏക്കർ ഭൂമികൂടി വിതരണം ചെയ്യാമെന്ന പ്രതീക്ഷയാണ് ഇപ്പോഴുള്ളത്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വനഭൂമിവിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ അതനുസരിച്ചുള്ള നറുക്കെടുപ്പു നടത്തുമ്പോൾ ഭൂമിയില്ലാത്ത ആളുകൾക്കാണ് കിട്ടുന്നതു എന്നുള്ള വിശ്വാസമാണെങ്കിലും ഒരു ജില്ലയിലെ എല്ലാ പ്രദേശങ്ങളിലെയും ആളുകൾക്കു ഭൂമി ലഭിക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് എല്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പ്രത്യേകസംവരണം ഏർപ്പെടുത്തുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഗവൺമെൻറു വക ഭൂമികളുടെ വിതരണം ന്യായമായി നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് റൂൾസ് ഉണ്ടാക്കിയിട്ടുള്ളത്. അതിൽനിന്നും ഒരു ജില്ലയിലുള്ള ഭൂമിയുടെ തൊട്ടടുത്തു കിടക്കുന്ന ഇരുപതു കിലോമീറ്റർ ഉള്ളിൽ ഉള്ള ഭൂമിയുടെ നിശ്ചിത ശതമാനം നീക്കിവയ്ക്കുന്നുണ്ട്. ടോട്ടൽ ഭൂമിയുടെ 33 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു നീക്കിവയ്ക്കുന്നുണ്ട്. ബാക്കി ഭൂമി ആ ജില്ലയിലെ എല്ലാ താലൂക്കുകൾക്കും ലഭിക്കത്തക്കവിധത്തിലാണ് വിതരണം ചെയ്യുന്നത്. വനഭൂമി ഒട്ടും ഇല്ലാത്ത ആലപ്പുഴ ജില്ലയ്ക്കും നിശ്ചിത ശതമാനം നീക്കി വച്ചിട്ടുണ്ട്. വില്ലേജുവാറായിട്ടും മാറുമൊക്കെ വിതരണം ചെയ്യുവാൻ ഉള്ള നടപടി വളരെ പ്രയാസമുള്ള കാര്യമാണ്. അങ്ങനെ വേണമെന്നുണ്ടെങ്കിൽ അതേപ്പറ്റി ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജെ. കമാലിയാസ്] മൊറായിസ്: തീരപ്രദേശത്തുള്ള തായ പുറമ്പോക്കു സ്ഥലങ്ങൾ കൂടുതൽ ഭൂമി കൈവശമുള്ള ആളുകൾക്കു കുത്തകപ്പാട്ടമായി കൊടുത്തിരിക്കുകയാണ്. കുത്തകപ്പാട്ടം റദ്ദു ചെയ്തു മൽസ്യത്തൊഴിലാളികൾക്കു പതിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

[ശ്രീ. കെ. ടി. ജേക്കബ്]: തീർച്ചയായും. കുത്തകപ്പാട്ടത്തിന്റെ പേരിൽ ചെറിയവരും വലിയവരുമായ കർഷകർ ഭൂമി കൈവശം വച്ചിട്ടുണ്ട്. അവ എവിടെയൊക്കെ ഉണ്ടെന്നുള്ള കണക്കുകൾ ശേഖരിച്ചു വരുന്നുണ്ട്. ചെറുകിട കൃഷിക്കാരുടെ കൈവശമിരിക്കുന്ന ഭൂമി അവർക്കുതന്നെ കൊടുക്കുവാനും അതല്ലാതെ ഉള്ളവരിൽനിന്നു റസ്യൂം ചെയ്തു മൽസ്യത്തൊഴിലാളികൾക്കു കൊടുക്കുവാനുമുള്ള ഏർപ്പാടുകൾ ചെയ്തുവരികയാണ്. മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂമി അർഹിക്കുന്ന വിഭാഗം എന്നുള്ള നിലയിൽ ഒഴിപ്പിച്ചെടുക്കുന്ന ഭൂമി അല്ലെങ്കിൽ ആരബിൾ ലാൻഡ്സ് എന്നറിയപ്പെടുന്ന ഭൂമി വിതരണം ചെയ്യുമ്പോൾ അവർക്കു മുൻഗണന നൽകുന്നതാണ്.

[ശ്രീ. ടി. എ. മജീദ്]: മൽസ്യത്തൊഴിലാളികൾക്കു മുൻഗണന നൽകുമെന്നു പറഞ്ഞു. വളരെ വ്യക്തമായിട്ടു ഹരിജനങ്ങൾക്കു നൽകുന്നതുപോലെ ക്ലിപ്തമായ ഒരു ശതമാനം നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

[ശ്രീ. കെ. ടി. ജേക്കബ്]: മൽസ്യത്തൊഴിലാളികൾക്കു കൂടി ഇങ്ങനെയുള്ള ഭൂമി ഇത്ര ശതമാനം നീക്കിവയ്ക്കാമെന്നു പറയുവാൻ നിവൃത്തിയില്ല. കോസ്റ്റൽ ഏരിയായിൽ താമസിക്കുന്ന മൽസ്യത്തൊഴിലാളികളുടെ തൊഴിലിൽ നിന്നു വിട്ടു വേറെ സ്ഥലത്തു ഭൂമികൊടുക്കുവാൻ നിവൃത്തിയില്ല. അവർക്കു 'മലയിൽ' ഭൂമികൊടുത്താൽ പ്രശ്നം പരിഹരിക്കുമെന്നും തോന്നുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം താമസിക്കുന്ന സ്ഥലത്തിനടുത്തു തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെ ഭൂമി കൊടുക്കുവാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. എറണാകുളം ജില്ലയിലുള്ള മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കു സൗകര്യപ്രദമായ ഭൂമി കൊടുക്കുവാനുള്ള പദ്ധതി ഗവൺമെന്റു ചെയ്തുവരുന്നുണ്ട്.

[ശ്രീമതി കെ. ആർ. ഗൗരി]: മൽസ്യത്തൊഴിലാളികളെ സംബന്ധിച്ച് നിലവിലിരിക്കുന്ന നിയമത്തിൽ പറഞ്ഞിരിക്കുന്നത് ലാൻഡ് ലസ് ആയിട്ടുള്ള ആളുകൾക്ക് അവരുടെ കൈവശമിരിക്കുന്ന ഭൂമി മുഴുവനും അവർക്കുതന്നെ പതിച്ചുകൊടുക്കണമെന്നു റൂളിൽ വ്യവസ്ഥയില്ലെ?

[ശ്രീ. കെ. ടി. ജേക്കബ്]: ഉണ്ടല്ലോ

[ശ്രീമതി കെ. ആർ. ഗൗരി]: ആ നിലയിൽ മൽസ്യത്തൊഴിലാളികൾക്കു തന്നെ പതിച്ചുകൊടുക്കണമെന്നു റൂൾ ഉള്ളപ്പോൾ അവർ കോടതിയിൽ പോകാത്തവിധം മുഴുവൻ ഭൂമിയും അവർക്കു തന്നെ കൊടുക്കുവാൻ പ്രിഫറൻസ് ഉണ്ട്. ആ വിധത്തിലുള്ള നടപടികൾ എന്തുകൊണ്ട് എടുക്കുന്നില്ല.

[ശ്രീ. കെ. ടി. ജേക്കബ്]: കടപ്പുറത്തു എന്തുമാത്രം ഭൂമി ഉണ്ടെന്നുള്ളതു അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. വെള്ളത്തിൽ ഇറങ്ങിക്കിടക്കുന്നതുണ്ടെങ്കിൽ അതുംകണ്ടുപിടിച്ചു എടുത്തുകൊടുക്കുവാൻ ഗവൺമെന്റു തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, ഭൂമി പതിച്ചുകൊടുക്കുന്ന കൂട്ടത്തിൽ സ്ഥിരം പട്ടയം കൊടുക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു എന്നു പറയുകയുണ്ടായി. ഈ സ്ഥിരം പട്ടയം എന്നുള്ളതു താൽക്കാലിക പട്ടയം എന്നുള്ളതിന്റെ താൽക്കാലികം വെട്ടികളഞ്ഞിട്ട് പട്ടയം മാത്രം കാണിക്കുന്നതാണോ അതോ സർവ്വെയും റിക്കാർഡ്സും ഫൈനലൈസ് ചെയ്തതിനു ശേഷമാണോ കൊടുത്തത്?

ശ്രീ. കെ. ടി. ജേക്കബ്: സർവ്വെയും റിക്കാർഡ്സും ഫൈനലൈസ് ചെയ്തതിനു ശേഷമാണ് കൊടുത്തത്. ഇനിയും തർക്കിക്കുന്നതിനു ഒരുക്കമുണ്ടെങ്കിൽ ഞാൻ റെഡിയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഈ നിലയിൽ സർവ്വെയും റെക്കാർഡ്സും ഫൈനലൈസ് ചെയ്തതിനുശേഷംമാത്രമേ സ്ഥിരം പട്ടയമാകൂ എന്നു നിബന്ധനകളും റൂൾസും ഇരിക്കെ വെറുംപട്ടയം കൊടുക്കുകയും സ്ഥിരം പട്ടയമാണെന്നു ഉദ്യോഗസ്ഥൻമാരെക്കൊണ്ടു ലെറ്റർ എഴുതികൊടുക്കുകയും ചെയ്യുന്നതു തെറ്റിദ്ധരിപ്പിക്കലല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർക്കു മാത്രമല്ലാതെ കേരളക്കരയിൽ മറ്റാർക്കും സംശയമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ആവർത്തിച്ചാവർത്തിച്ചു പറയുകയാണ് ഇതിനായിട്ട് ഒരു കൃഷിക്കാരനെയും കൂട്ടുകിട്ടുകയില്ലെന്ന്. ഈ പ്രശ്നം ദയവായി ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന ആഗ്രഹത്തോടുകൂടി പറയുകയാണ്. സംസ്ഥാനത്തു നിലവിലുള്ള ഭൂവിതരണനിയമം സെക്ഷൻ 9 വായിക്കാൻ ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് ആവശ്യപ്പെടുന്നു. അതിൽ എന്താണ് പറഞ്ഞിട്ടുള്ളത്? സെക്ഷൻ 9—ൽ പറയുന്നത് കണ്ടീഷണലായിട്ടു കൊടുക്കണമെന്നാണ്. ഭൂമിയിലുള്ള കൈവശാവകാശം എന്നു പറയുന്നതു അതിൽ കണ്ടീഷണലായിട്ടാണ് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സെക്ഷൻ 9—ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഹെറിറ്റബിൾ ആൻഡ് എലിനബിൾ എന്നു പറയുമ്പോൾ സർവ്വെ തുടങ്ങിയ സങ്കീർണ്ണത മുഴുവൻ തീരും. ഹെറിറ്റബിൾ ആൻഡ് എലിനബിൾ എന്നു ചേർത്തില്ലായിരുന്നുവെങ്കിൽ പട്ടിയുടെ കൈയിൽ പൊതിയാ തേങ്ങ കിട്ടിയതു പോലെയിരിക്കും. അതുകൊണ്ടു 32 മാസക്കാലം ഭരിച്ചിട്ടു കഴിഞ്ഞഗവൺമെൻറിന് ഒരു മണ്ണാങ്കട്ടയും ചെയ്യുവാൻ കഴിഞ്ഞില്ല. ഈ ഗവൺമെൻറു വന്നതിനുശേഷം ഈ സെക്ഷൻ 9—ൽ മാറ്റം വരുത്തുവാൻ സാധിച്ചുവെന്നു ഒന്നുകൂടി പറയുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: മണ്ണാങ്കട്ടയും ബാക്കിയുള്ളതും പോകട്ടെ, എലിനബിൾ എന്നു മാത്രമെഴുതിയാൽ സ്ഥിരം പട്ടയമാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: സ്ഥിരം പട്ടയമാകും; എന്തുകൊണ്ടു സംശയം? കൈമാറ്റം ചെയ്യാൻ പാടില്ല, അന്യാധീനപ്പെടുത്താൻ പാടില്ല, യാതൊന്നും ചെയ്യാൻ പാടില്ല എന്നും മറ്റും സെക്ഷൻ 9—ൽ എഴുതിയിട്ടുണ്ട്. അതിന്റെ അർത്ഥമെന്താണ്? സ്ഥിരമായ കൈവശാവകാശംതന്നെയാണ്. അങ്ങനെയുള്ള സ്ഥിരാവകാശം ഗസറ്റുനോട്ടിഫിക്കേഷൻ മൂലം ചേഞ്ചുവരുത്തിയിട്ട് അവർക്കു കൊടുക്കുകയാണ്. വേലികെട്ടി അവകാശം സ്ഥാപിക്കാൻ നടക്കുന്നവരുടെ സ്ഥിരാവകാശ പ്രേമം പരിഹാസ്യമാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഭൂപതിവു ചട്ട പ്രകാരം ഒരാളിനു ഒരേക്കർ ഭൂമിയാണ് കൊടുക്കേണ്ടത്. സർവ്വേയും റിക്കാർഡും ഒന്നും നോക്കാതെ സ്ഥിരം പട്ടയം കൊടുക്കുകയാണെങ്കിൽ, അത് ഒടുവിൽ റിക്കാർഡും സർവ്വെയും

LIBRARY ARCHIVES Kerala Legislative Assembly

നോക്കിവരുമ്പോഴേക്കും കൊടുത്തതു എഴുസെൻറാകാനും ഇടയുണ്ട്. അതു കൊണ്ട് ഒന്നും നോക്കാതെ താൽക്കാലികപട്ടയത്തിനു സ്ഥിരം പട്ടയം എന്നു പറഞ്ഞു കൊടുക്കുന്നുതു ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: പ്ലാനിംഗ് കമ്മിഷൻ തന്നെ സർവ്വെ സംബന്ധിച്ചു് എടുത്തിട്ടുള്ള നിലപാട് എന്താണ്? ഈ നിലയിൽത്തന്നെ.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചോദിക്കുന്ന ചോദ്യങ്ങൾക്കു മാത്രം ഉത്തരം പറഞ്ഞാൽ മതി. അല്ലാതെ പഴയ റവന്യൂമന്ത്രിയും പുതിയ റവന്യൂമന്ത്രിയും കൂടി ഇങ്ങനെ വാദപ്രതിവാദം നടത്തുന്നതു ശരിയല്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു ബഹുമാനപ്പെട്ട മെമ്പർക്കു ഒരു ചോദ്യത്തിൽ എത്ര ഉപചോദ്യമാണ് ചോദിക്കാവുന്നത്? ഒരാളിന് എത്ര ചോദ്യം വേണമെങ്കിലും ചോദിക്കാമെന്നു റൂളുണ്ടോ? ഇതിനുമുമ്പ് ഒരു മെമ്പർ രണ്ട് ഉപ ചോദ്യത്തിൽ കൂടുതൽ ചോദിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചിരുന്നില്ല. ആ തീരുമാനത്തിന് ഇപ്പോഴും വല്ല വ്യതിയാനവും വരുത്തിയിട്ടുണ്ടോയെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: വ്യതിയാനമൊന്നും വരുത്തിയിട്ടില്ല. ഒരു പാർട്ടിയുടെ നേതാവല്ലേ ചോദിക്കുന്നത് എന്നു വിചാരിച്ചും, ഇക്കാര്യങ്ങളും കൈകാര്യം ചെയ്തു പരിചയമുള്ള ഒരാളെന്നുള്ള നിലയിലും ആണ് കൂടുതൽ ചോദ്യങ്ങളും ചോദിക്കുവാൻ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ടു മറ്റുള്ള പാർട്ടിയിലെ മെമ്പറൻമാർക്കു ചോദിക്കുവാനുള്ള അവസരം കുറഞ്ഞുപോയിയെന്നു വരാം.

ശ്രീമതി കെ. ആർ. ഗൗരി: ഫോറസ്റ്റു ഭൂമിയെസംബന്ധിച്ച് പ്രസിദ്ധീകരിച്ച നിയമത്തിൽ താൽക്കാലിക പട്ടയം മോശമാണെന്നും, സർവ്വെയും റിക്കാർഡും മോശമാണെന്നും പറഞ്ഞു മൂന്നു വർഷത്തേക്ക് എലിനബിളം ആണെന്ന് എഴുതിവയ്ക്കാനുള്ള കാരണമെന്താണ്?

ശ്രീ. കെ. ടി. ജേക്കബ്: മൂന്നു വർഷത്തേക്ക് എലിനബിളാണെന്ന് ബോധപൂർവ്വമാണ് എഴുതി വച്ചിട്ടുള്ളത്. കാരണം ഒരു ഭൂമി കിട്ടിയാൽ അതിൽ വീടുവച്ചും, കൃഷിചെയ്തും എല്ലാം വരുന്നതിന് ചുരുങ്ങിയത് മൂന്നു വർഷം വേണം. ആ മൂന്നു വർഷത്തിനുള്ളിൽ ആ ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല. അതിനുശേഷം അയാൾക്കുള്ള ജൻമാവകാശം കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. പി. കെ. രാഘവൻ: ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൽ നിന്നും ഹരിജനങ്ങൾക്കു വിതരണം ചെയ്തിട്ടുള്ള ഭൂമി സംസ്ഥാനത്തിൻെറ വിവിധ പ്രദേശങ്ങളിലുള്ള ആളുകൾക്കാണ് ലഭിച്ചിട്ടുള്ളത്. ആ ആളുകൾ മലയിൽ പോയി ഭൂമി കൈവശപ്പെടുത്തുന്നതിനു ഗവൺമെൻറ് എന്തെങ്കിലും സഹായം കൂടി പ്രത്യേകമായി ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടോ? അങ്ങിനെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അതിന് ആഗ്രഹമുണ്ടെങ്കിലും അതിനാവശ്യമായ ഫണ്ടില്ല. ഭൂമി കൊടുക്കുന്ന കൂട്ടത്തിൽ അവർക്ക് ആവശ്യമായ സാമ്പത്തികസഹായം കൂടി ചെയ്തുകൊടുക്കണമെന്നാഗ്രഹമുണ്ടെങ്കിലും അതിനാവശ്യമായ ഫണ്ടില്ല. അതിനുള്ള പദ്ധതികളെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: വനഭൂമി വിതരണം ചെയ്യുന്നതിൽ ഹരിജനങ്ങൾക്ക് പ്രത്യേകം സംവരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഓരോ ജില്ലയിലും ഭൂമി വിതരണം ചെയ്യുന്നത് നറുക്കിട്ടെടുത്താണ്. അങ്ങിനെ വിതരണം ചെയ്യുന്നതിൽ നിസ്സഹകരിക്കുന്ന ഏതെങ്കിലും പാർട്ടികൾ കേരളത്തിലുണ്ടോ?.

ശ്രീ. കെ. ടി. ജേക്കബ്: അതിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും സ്വതന്ത്രാ പാർട്ടിയും ആണ് അതിൽ നിസ്സഹകരിക്കുന്നത്.

ശ്രീ. എം. കെ. ജോർജ്: ഭൂരഹിതർക്കു ഭൂമി പതിച്ചുകൊടുക്കുന്ന നടപടിക്രമമനുസരിച്ചു കുട്ടനാട്ടിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള നടപടികളുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാമാണ്? എവിടെയെല്ലാമാണ്?

ശ്രീ. കെ. ടി. ജേക്കബ്: കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. കുട്ടനാട്ടിലെ കോട്ടയം ഡിസ്ട്രിക്ടിലുള്ള പഴുക്കാക്കായലിൽ അഞ്ഞൂറോളം ഏക്കർ വരുന്ന കായൽ ഭൂമി കർഷകത്തൊഴിലാളികൾക്കു പതിച്ചു കൊടുക്കുന്നതിന് ഒൻപതു ലക്ഷത്തോളം രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടിയുള്ള അപേക്ഷയും ക്ഷണിച്ചിരിക്കുകയാണ്. അതുപോലെതന്നെ ചേർത്തലയിൽ അഞ്ഞൂറേക്കർ കായൽ നിലമെടുത്തു കർഷകത്തൊഴിലാളികൾക്കു കൊടുക്കുന്നതിനുള്ള ഉത്തരവും ഏറെക്കുറെ ആയിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: വനഭൂമി വിതരണം നടത്തുമ്പോൾ അൻപതു ശതമാനം ഹരിജനങ്ങൾക്കു നൽകുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും, അതിനുശേഷം 33 ശതമാനമായി കുറയ്ക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇങ്ങനെ 33 ശതമാനം കൊടുക്കുന്നതിനു പുറമേ ഗവൺമെന്റു തയ്യാറാക്കിയിട്ടുള്ള ചില സ്കീമുകളുടെ അടിസ്ഥാനത്തിൽ ഹരിജനങ്ങൾക്ക് വേണ്ടി ഭൂമി മാറ്റി വച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിലെ മന്ത്രിയായിരുന്ന ശ്രീ. എം. കെ. കൃഷ്ണൻ അക്കാര്യത്തിൽ നല്ല പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുകാണുന്നതിൽ ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ കാലത്തു പല സ്കീമുകളും തയ്യാറാക്കിയിട്ടുണ്ട്. ആ ഇനത്തിൽ വളരെയേറെ ഭൂമി ഹരിജനങ്ങൾക്കു കിട്ടാൻ സാദ്ധ്യതയുണ്ട്. ആ നിലയ്ക്ക് ഇതിൽ അൻപതു ശതമാനം കൂടിയായാൽ അൽപ്പം കൂടുതലായിപ്പോകും. ഇതു രണ്ടും കൂടി ചേർത്താൽ അൻപതു ശതമാനത്തിൽ കൂടുതൽ വരും. ഏതായാലും ടോട്ടൽ വരുന്നതിന്റെ പകുതി തന്നെ ഹരിജനങ്ങൾക്കു കിട്ടുമെന്നാണ് ഗവൺമെന്റു വിചാരിക്കുന്നത്.

ശ്രീ. കെ. ടി. ജോർജ്: ഇന്നുള്ള ചട്ടങ്ങളനുസരിച്ച് പട്ടണങ്ങളിലുള്ള സർക്കാർവക പുറമ്പോക്കുഭൂമി പതിച്ചുകൊടുക്കുന്നതിന് ചില നിർദ്ദേശങ്ങളുണ്ടെന്നു മനസ്സിലാക്കുന്നു. പട്ടണങ്ങളിലുള്ള പുറമ്പോക്കു ഭൂമി പതിച്ചുകൊടുക്കുമ്പോൾ അത് സ്ഥിരം പട്ടയം കൊടുക്കുന്നതിനുള്ള എർപ്പാടു ചെയ്യുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഗവൺമെന്റ് അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: ഭൂരഹിതരായ ഹരിജനങ്ങൾക്ക് ഭൂമി കൊടുക്കുന്നതിന് ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ വച്ചു നറുക്കിട്ട് എടുത്തു ഭൂമി വിതരണം ചെയ്യുന്നതുകൊണ്ട് ഉപകാരപ്രദമായിട്ടുള്ള അപേക്ഷകരും അർഹരായവരുടേതാണോ അനർഹരായവരുടേതുമുണ്ടോ എന്ന് അറിയുന്നതിനു സാധിക്കാതെ പോകും. അതുകൊണ്ട് ഈ ചട്ടങ്ങൾ ഒന്നു പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: പുനഃപരിശോധിക്കാൻ തയ്യാറാണ്. പക്ഷേ ലാൻഡ് ഡിസ്ട്രിബ്യൂഷൻ സ്കീം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റിയിലെ മെമ്പറൻമാർക്കു കിട്ടുന്ന അപേക്ഷകൾ എല്ലാം അർഹരായവരുടേതാണോ അർഹതയില്ലാത്തവരും ഉണ്ടോ എന്നെല്ലാം പരിശോധിക്കാനുള്ള അവകാശവും അവസരവും ഉണ്ട്. അങ്ങിനെ നോക്കിയതിനുശേഷംതന്നെയാണ് നറുക്കിട്ടെടുക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഇപ്പോൾ സ്ഥിരം പട്ടയം കൊടുക്കുന്നത് അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്നവർ ആണെന്നു പറയുകയുണ്ടായി. എന്നാൽ ഹരിജനവിഭാഗത്തിൽപ്പെട്ടവർക്കു വനഭൂമി കൈയേറുവാനോ കൈവശപ്പെടുത്തുവാനോ സാധിച്ചിട്ടില്ല. അതിന്റെ ഫലമായി അവർക്ക് ഇപ്പോൾ സ്ഥിരം പട്ടയം ഒരു ഭൂമിയിലും കിട്ടുന്നതുമില്ല. അതിന്റെ അടിസ്ഥാനത്തിൽ പുതിയതായി വിതരണം ചെയ്യുമ്പോൾ അവർക്കു പ്രത്യേകമായി അൻപതു ശതമാനം നീക്കിവയ്ക്കുമെന്നു പറഞ്ഞതിൽനിന്നും ഇപ്പോൾ താഴോട്ടു പോകാനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഹരിജനങ്ങൾക്ക് ഭൂവിതരണ ചട്ടങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത് 20 ശതമാനമാണ്. കഴിഞ്ഞകാലത്തു ഭൂമി വിതരണം നടത്തിയപ്പോൾ അവർക്കു അതുപോലും ലഭിച്ചിട്ടില്ലെന്നാണു കാണുന്നത്. പഴയകാലത്ത് അവർക്ക് അർഹതപ്പെട്ടത് ലഭിക്കാത്തതുകൊണ്ട് ഇനിമേൽ വിതരണം ചെയ്യുമ്പോൾ അവർക്ക് അർഹതപ്പെട്ടതു ലഭിക്കുന്നതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. പോരെങ്കിൽ ഇപ്പോൾ പല സ്കീമുകളും ആവിഷ്കരിച്ചിട്ടുണ്ട്. അതനുസരിച്ചും ഹരിജനങ്ങൾക്ക് ഭൂമി നീക്കിവച്ചിട്ടുണ്ട്. അതും ഇനി കൊടുക്കാൻ ഉദ്ദേശിക്കുന്ന 33 ശതമാനവും കൂടി ആകുമ്പോൾ അൻപതു ശതമാനത്തേക്കാൾ കൂടുതലാകും. അതുകൊണ്ടാണ് 50 ശതമാനം എന്നുള്ളതു 33 ശതമാനം എന്നു വ്യവസ്ഥ ചെയ്യാൻ കാരണം.

ശ്രീ. ഇ. എം. ജോർജ്: പഴുക്കാക്കായൽ പതിച്ചുകൊടുക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും അതിനുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണെന്നും പറയുകയുണ്ടായി. പഴുക്കാക്കായലിനടുത്തുള്ള കുറിച്ചിവില്ലേജിലും അതിനടുത്തുള്ള പനച്ചിക്കാടു വില്ലേജിലും താമസിക്കുന്ന ആളുകൾക്ക് അപേക്ഷ കൊടുക്കാൻ നിവൃത്തിയില്ലാതെ ഒഴിച്ചു നിറുത്തിയിരിക്കുകയാണ്. അതിൽ മാറ്റം വരുത്തിയിട്ടു കുറിച്ചി, പനച്ചിക്കാടു എന്നീ വില്ലേജുകളിലുള്ളവർക്കും കൂടി അപേക്ഷിക്കാനുള്ള അവസരം കൊടുക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: കായൽ നിലം എന്നുള്ള അടിസ്ഥാനത്തിൽ സ്കീം തയ്യാറാക്കിയതാണ് കുട്ടനാട്ടിലെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുറിച്ചി വില്ലേജിലെ മൂന്നും നാലും വാർഡുകൾ ചേർത്തിട്ടുണ്ട്.....

ശ്രീ. ഇ. എം. ജോർജ്: കുറിച്ചി, പനച്ചിക്കാടു എന്നീ വില്ലേജുകളിലുള്ളവർക്ക് ഇപ്പോൾ അപേക്ഷിക്കുവാനുള്ള അവസരം കൊടുത്തിട്ടില്ല. അവിടെയുള്ള എല്ലാവർക്കും അപേക്ഷിക്കുവാനുള്ള അവസരം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. കെ. സി: വാമദേവൻ: നഗരങ്ങളിൽ വർഷങ്ങളായി കുടിയേറി താമസിക്കുന്ന ആളുകളും ഉണ്ട്. ഇങ്ങിനെ താമസിക്കുന്നവർക്ക് അവർ താമസിക്കുന്ന സ്ഥലം പതിച്ചുകൊടുക്കാൻ നിയമപരമായി എന്തെങ്കിലും വിഷമം ഉണ്ടെങ്കിൽ അതു പരിഹരിച്ച് ആ ഭൂമികളും പതിച്ചു കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: പരിശോധിക്കാം.

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: ഭൂമി പതിച്ചുകൊടുക്കുമ്പോൾ പട്ടാളസേവനം നടത്തിയിട്ടുള്ളവർക്ക് ഒരു നിശ്ചിതശതമാനം നീക്കിവയ്ക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ? കേന്ദ്രഗവൺമെന്റിൽനിന്നും വല്ല നിർദ്ദേശവും ഇക്കാര്യത്തിൽ തന്നിട്ടുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും ഭൂമി വിതരണം നടത്തുമ്പോൾ ഒരു നിശ്ചിത ശതമാനം ഇത്തരം ആളുകൾക്ക് പതിച്ചു കൊടുക്കാനുള്ള നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: പരിശോധിക്കാം.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: വനഭൂമി വളരെ കുറച്ചു മാത്രമേ റവന്യൂവിലേക്കു വിട്ടു കിട്ടിയിട്ടുള്ളു. വളരെ വേഗം കൂടുതൽ ഭൂമി റവന്യൂവിലേക്കു കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ്?

ശ്രീ. കെ. ടി. ജേക്കബ്: വനഭൂമിയിൽ ഇനിയും എടുക്കാവുന്നത് ചതുപ്പുനിലങ്ങളും കൃഷിയോഗ്യമായ സ്ഥലങ്ങളുമുണ്ട്. ഇങ്ങനെയുള്ള ഭൂമികളും എടുക്കുന്നതിനുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. എത്രയും വേഗം എടുക്കുന്നതിനുള്ള നടപടികളും ഏറ്റവും വേഗം നടത്തിക്കൊണ്ടിരിക്കുകയാണ്.

WRITTEN ANSWERS

മന്ത്രിമാരുടെ പ്രസ്താവനകൾ

* 137. (484) ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, വി. വി. കുഞ്ഞാമ്പു:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, എം. കെ. എ. ഹമീദ്:
,, ഇ. കെ. ഇമ്പിച്ചിബാവ:
,, വി. വി. ദക്ഷിണാമൂർത്തി:
,, വി. ശ്രീധരൻ:
,, എം. കെ. കേളു:
,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1967—ൽ രൂപീകരിച്ച ഐക്യമുന്നണിയുടെ തുടർച്ചയാണ് പുതിയ മുന്നണിയെന്നു മുഖ്യമന്ത്രിയും, 1959—60—ൽ രൂപംപൂണ്ട കമ്മ്യൂണിസ്റ്റു വിരുദ്ധ മുന്നണിയുടെ തുടർച്ചയാണ് പുതിയ മുന്നണിയെന്ന് ആരോഗ്യ വകുപ്പുമന്ത്രിയും യഥാക്രമം 1969 നവംബർ രണ്ടാംതീയതിയും നാലാം

LIBRARY ARCHIVES Kerala Legislative Assembly